## പതിമൂന്നാം കേരള നിയമസഭ
### എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2787 — 02.04.2013-ലെ മറുപടിക്ക്

### കോടതികളിൽ തീർപ്പാകാതെ കിടക്കുന്ന മിച്ചഭൂമി കേസ്സുകൾ

**ചോദ്യം**

ശ്രീ.ഹൈബി ഈഡൻ
ശ്രീ.വി.റ്റി.ബൽറാം
ശ്രീ.ആർ.സെൽവരാജ്
ശ്രീ.ലൂഡി ലൂയിസ്

**മറുപടി**

ശ്രീ.അടൂർപ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോടതികളിൽ തീർപ്പാകാതെ കിടക്കുന്ന മിച്ചഭൂമി കേസ്സുകൾ വേഗത്തിൽ തീർപ്പാക്കി പരമാവധി മിച്ചഭൂമി ഏറ്റെടുക്കാൻ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;വിശദമാക്കുമോ; | (എ) | നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹു. ഹൈക്കോടതിയിൽ തീർപ്പാക്കാതെ കിടക്കുന്ന മിച്ചഭൂമി കേസുകളുടെ വിശദാംശങ്ങൾ അഡ്വക്കേറ്റ് ജനറലിനും, സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർക്കും നൽകിയിട്ടുണ്ട്. സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ ടി കേസുകളുടെ പഴക്കം കണക്കിലെടുത്ത് urgent petition move ചെയ്ത് ടി കേസുകൾ വേഗത്തിൽ തീർപ്പാക്കാൻ നടപടി സ്വീകരിച്ച വരുന്നുണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | കോടതി കേസുകൾ തീർപ്പാകുന്ന മുറയ്ക്ക് പ്രഖ്യാപിക്കപ്പെട്ട മിച്ചഭൂമി ഏറ്റെടുക്കാൻ സാധിക്കും. ടി സീലിംഗ് കേസുകൾ ടി.എൽ.ബിക്ക് റിമാൻഡ് ചെയ്യുകയാണെങ്കിൽ വീണ്ടും ഹിയറിംഗ് നടത്തി പുനർ ഉത്തരവ് പുറപ്പെടുവിക്കാൻ സാധിക്കുന്നതാണ്. |
| (സി) | എന്തെല്ലാം നേട്ടങ്ങളാണ് ഈ സമ്പ്രദായം വഴി ലഭിക്കുന്നത്; വിശദമാക്കുമോ; | (സി) | മിച്ചഭൂമി കേസുകൾ കോടതിയിൽ തീർപ്പാക്കുക വഴി ഉത്തരവായ മിച്ചഭൂമി ഏറ്റെടുക്കാൻ സാധിക്കുന്നതും അവ ഭൂരഹിത കർഷക തൊഴിലാളികൾക്ക് പതിച്ച നൽകാൻ കഴിയുന്നതുമാണ്. |
| (ഡി) | ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്? | (ഡി) | മിച്ചഭൂമി ഏറ്റെടുക്കുന്നതും വിതരണം ചെയ്യുന്നതും സർക്കാർ തലത്തിൽ തന്നെയാണ് ചെയ്യുന്നത്. മിച്ചഭൂമി ഏറ്റെടുക്കുന്നത് തഹസിൽദാരും വിതരണ നടപടികൾ സ്വീകരിക്കുന്നത് ജില്ലാകളക്ടറുമാണ്. |

സെക്ഷൻ ഓഫീസർ